**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1729** **04-02-2026 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിലെ റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷനിൽ ജീവനക്കാരുടെ നിയമനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ എം രാജഗോപാലൻ</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തൃക്കരിപ്പൂർ മണ്ഡലത്തിലെ പീലിക്കോട് പ്രവർത്തിക്കുന്ന റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷനിൽ എത്ര ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഈ തസ്തികകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?</td><td>(എ)</td><td>തൃക്കരിപ്പൂർ മണ്ഡലത്തിലെ പീലിക്കോട് പ്രവർത്തിക്കുന്ന റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷനിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ താഴെപ്പറയുന്നു.
<table>
<tr><th>തസ്തിക</th><th>ഒഴിഞ്ഞുകിടക്കുന്ന എണ്ണം</th></tr>
<tr><td>അസിസ്റ്റന്റ്</td><td>2</td></tr>
<tr><td>എൽ.ജി.എസ്</td><td>4</td></tr>
<tr><td>LDV ഡ്രൈവർ</td><td>2</td></tr>
<tr><td>ഫാം അസിസ്റ്റന്റ് വെറ്റിനറി</td><td>3</td></tr>
<tr><td>കമ്പ്യൂട്ടർ അസിസ്റ്റന്റ്</td><td>1</td></tr>
<tr><td>കുക്ക് കം കെയർ ടേക്കർ</td><td>1</td></tr>
<tr><td>ടെക്നിക്കൽ അസിസ്റ്റന്റ്/ ടെക്നിക്കൽ ഓഫീസർ</td><td>1</td></tr>
</table>
ഫാം അസിസ്റ്റന്റ് വെറ്റിനറി, കുക്ക് കം കെയർ ടേക്കർ, ടെക്നിക്കൽ അസിസ്റ്റന്റ്/ ടെക്നിക്കൽ ഓഫീസർ തസ്തികകൾ സർവകലാശാലകളിലെ അനധ്യാപക വിഭാഗം തസ്തികകളുടെ യോഗ്യത മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവിൽ പ്രതിപാദിക്കുന്നില്ല. ആയതിനാൽ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കഴിയില്ല.<br><br>
അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, എൽ.ജി.എസ്., LDV ഡ്രൈവർ തസ്തികകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
സർവകലാശാലയിലെ വിവിധ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ 08.05.2025 തീയതിയിലെ G.O.(Ms) No.56/2025/AGRI ഉത്തരവ് പ്രകാരം സർവകലാശാലയ്ക്ക് അനുമതി നൽകിയതിന്റെ</td></tr>
</table>

| | | | |
|---|---|---|---|
| | | | **അടിസ്ഥാനത്തിൽ സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളുമായി ബന്ധപ്പെട്ടു ജീവനക്കാരുടെ പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർവകലാശാല ഭരണസമിതിയിലെ രണ്ടംഗങ്ങളെ ഭരണസമിതി ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്മേൽ ഭരണസമിതി തീരുമാനം ആകുന്ന മുറക്ക് ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിൽ അനുയോജ്യമായ തീരുമാനം കൈക്കൊണ്ട് വേണ്ട നടപടി സർവകലാശാല സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ